## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 15      04.02.2013-ൽ മറുപടിയ്ക്ക്

## <u>സംസ്ഥാന സർക്കാർ സി.ബി.ഐ. അന്വേഷണത്തിന് വിട്ട കേസുകൾ</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ.ആർ. രാജേഷ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സർക്കാർ സി.ബി.ഐ. അന്വേഷണത്തിന് വിട്ട കേസുകളിൽ, അത് നടത്തുമോ ഇല്ലയോ എന്ന കാര്യം കേന്ദ്രസർക്കാർ അറിയിക്കാറുണ്ടോ; | (എ) ഉണ്ട്. |
| (ബി) സംസ്ഥാന സർക്കാർ സി.ബി.ഐ. അന്വേഷണത്തിന് വിട്ട എത്ര കേസുകളിൽ അതിന്റെ ആവശ്യം ഇല്ലെന്ന് കേന്ദ്രസർക്കാർ അറിയിക്കുകയുണ്ടായി; വിശദമാക്കാമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സി.ബി.ഐ അന്വേഷണത്തിന് വിട്ട കേസുകളിൽ താഴെ കൊടുത്തിരിക്കുന്ന 3 കേസുകളുടെ അന്വേഷണം ഏറ്റെടുക്കുവാൻ കഴിയില്ലെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.<br>(1) പൊഴിയൂർ പോലീസ് സ്റ്റേഷനിലെ 126/1990 നമ്പർ കേസ്. ( ആസ്റ്റിൻ ദേവരാജിന്റെ മരണം)<br>(2) ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിലെ 805/2010 നമ്പർ കേസ്. ( ശ്രേയയുടെ മരണം).<br>(3) കാസറഗോഡ് പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 816/09 കേസ് ( കാസറഗോഡ് വെടിവെപ്പ് സംബന്ധിച്ച കേസ്). |

| | |
|---|---|
| (സി) സി.ബി.ഐ. അന്വേഷണത്തിന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം യഥാസമയം കേന്ദ്രസർക്കാരിന് അയച്ചുകൊടുത്തില്ലെന്ന ആക്ഷേപത്തിനിടയാക്കിയ കേസ് ഏതായിരുന്നു; | (സി) ക്രൈംബ്രാഞ്ച് അന്വേഷിക്കുന്ന ക്രൈം നമ്പർ 437/CR/ OCW- II/ EKM/ 2010 കേസ്. |
| (ഡി) യഥാസമയം വിജ്ഞാപനം അയച്ചുകൊടുക്കാതിരുന്നത് ആരുടെ നിർദ്ദേശപ്രകാരമായിരുന്നു; ഇത് സംബന്ധിച്ച് സർക്കാരിന് ലഭിച്ച പരാതിയെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) വിജ്ഞാപനം യഥാസമയം കേന്ദ്ര സർക്കാരിന് അയച്ച് കൊടുത്തില്ല എന്ന ആരോപണം സംബന്ധിച്ച് ലഭിച്ച പരാതി സർക്കാർ വിശദമായി പരിശോധിച്ചിരുന്നു. ഭരണപരമായ നടപടിക്രമങ്ങളിലുണ്ടാകുന്ന സ്വാഭാവിക കാലതാമസം കൊണ്ടും വിജ്ഞാപനവുമായി ബന്ധപ്പെട്ട തുടർ നടപടികൾ ഹൈക്കോടതിയും പിന്നീട് സുപ്രീം കോടതിയും സ്റ്റേ ചെയ്ത സാഹചര്യത്തിലുമാണ് വിജ്ഞാപനം കേന്ദ്ര സർക്കാരിന് അയച്ചു കൊടുക്കാൻ കഴിയാതെ പോയത്. |

സെക്ഷൻ ഓഫീസർ